I ഇ.ബി. XV - കേരള നിയമസഭ/IV-10

# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 മാർച്ച് 17, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 3504-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3504-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ നിഷ്ക്രിയമാക്കുന്നതിന്

ഷെഡ്യൂളുകൾ വെട്ടിക്കുറച്ചും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചും സ്ഥലവും സമ്പത്തും വിനിയോഗിച്ച് പുതിയ കമ്പനി രൂപീകരിച്ചും തകർച്ചയിലേയ്ക്ക് തള്ളിവിട്ടതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): ബൾക്ക് പർച്ചേസറായ കെ.എസ്.ആർ.ടി.സി.-ക്ക് എണ്ണക്കമ്പനികൾ നൽകിവന്നിരുന്ന ആനുകൂല്യം നിർത്തലാക്കി, 121.36 രൂപയായി ഒരു ലിറ്റർ ഡീസലിന്റെ വില വർദ്ധിപ്പിച്ചതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതാണ്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശപ്രകാരം പ്രൊഫഷണൽസിനെ മാത്രം ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുകയും കമ്പ്യൂട്ടർവത്ക്കരണ നടപടികൾ പൂർത്തിയാക്കിവരികയുമാണ്. 2018-ൽ ചേർന്ന ഉന്നതതല യോഗ തീരുമാനപ്രകാരം സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് മുടങ്ങാതെ പെൻഷൻ നൽകുകയും

പതിനൊന്ന് വർഷത്തിനുശേഷം ശമ്പള പരിഷ്കരണം യാഥാർത്ഥ്യമാക്കുകയും ചെയ്തിട്ടുണ്ട്. വരുമാന വർദ്ധനയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന പമ്പുകൾ പൊതുജനങ്ങൾക്കുകൂടി പ്രാപ്യമാക്കുന്നതിനായി ആരംഭിച്ച യാത്രാ ഫ്യൂവൽസ് പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ കീഴിൽ എട്ട് എ.സി. സ്ലീപ്പർ മൾട്ടി ആക്സിൽ വോൾവോ ബസുകൾ ഈ മാസവും 116 ആധുനിക ബസ്സുകൾ അടുത്ത മാസവും സർവ്വീസ് നടത്തുന്നതാണ്. എൻ.എച്ച്./എം.സി. റോഡിലൂടെ പോകുന്ന ബസ്സുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബൈപ്പാസ് റൈഡർ ബസ് സർവ്വീസ് ആരംഭിക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. അടുത്ത മാസം മുതൽ 50 ഇലക്ട്രിക് സിറ്റി ബസ്സുകൾ തിരുവനന്തപുരത്ത് ഓടിത്തുടങ്ങും. കിഫ്ബി സഹായത്തോടെ വാങ്ങുന്ന സി.എൻ.ജി. ബസ്സുകളുൾപ്പെടെ വരുന്ന 18 മാസത്തിനുള്ളിൽ 1336 പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഭാഗമാകുന്നതാണ്. ഉപയോഗശൂന്യമായ 856 ബസ്സുകൾ സ്ക്രാപ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ഏഴ് റൂട്ടുകളിൽ സിറ്റി സർക്കുലർ ബസ്സുകളും ഫിഷറീസ് വകുപ്പുമായി ചേർന്ന് 'സമുദ്ര' ബസ് സർവ്വീസും ആരംഭിച്ചിട്ടുണ്ട്. മിൽമ, കെ.ടി.ഡി.സി.,

കുടുംബശ്രീ, ഹോർട്ടികോർപ് എന്നിവയുമായി സഹകരിച്ച് സർവ്വീസ് യോഗ്യമല്ലാത്ത ബസുകളിലാരംഭിച്ച 'ഷോപ്പ് ഓൺ വീൽസ്' പദ്ധതിയും ടൂർ പാക്കേജുകളും അഞ്ച് ബസ്സുകളെ കൺവെർട്ട് ചെയ്ത് മൂന്നാറിൽ ആരംഭിച്ച 'ഷീ ലോഡ്ജും' വിജയകരമായി പ്രവർത്തിച്ചുവരികയാണ്. ബസ് സർവ്വീസ് എത്തിപ്പെടാത്ത സ്ഥലങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതും നിലച്ചുപോയ സർവ്വീസുകൾ പുനരാരംഭിക്കുന്നതും ലക്ഷ്യമിട്ട് 'ഗ്രാമവണ്ടി' പദ്ധതി ആരംഭിക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് മുന്നോട്ടുപോകുന്ന കെ.എസ്.ആർ.ടി.സി.-യെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് യു.ഡി.എഫ്. കൂട്ട് നിൽക്കരുത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ജീവനക്കാരുടെ പ്രതിഷേധം മറികടന്നാണ് കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ സ്വിഫ്റ്റ് കമ്പനി രൂപീകരിച്ചിട്ടുള്ളത്. ഡീസലിന്റെ ബൾക്ക് പർച്ചേസ് വില വർദ്ധിപ്പിച്ച കേന്ദ്ര സർക്കാർ നടപടി എതിർക്കപ്പെടേണ്ടതാണ്. ഇന്ധനവില വർദ്ധനമൂലമുള്ള കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ സർക്കാർ സബ്സിഡി അനുവദിക്കണം. പൊതുഗതാഗത സംവിധാനത്തെ തകർത്തുകൊണ്ട് വൻകിട പദ്ധതികൾക്ക് പിന്നാലെ പോകുന്ന

സർക്കാരിന്റെ തെറ്റായ നിലപാടുകളാണ് കെ.എസ്.ആർ.ടി.സി.-യെ പരിതാപകരമായ അവസ്ഥയിലെത്തിച്ചത്. 6.4 കോടി രൂപയായിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം ഇപ്പോൾ 3.5 കോടി രൂപയായിരിക്കുകയാണ്. പ്രതിദിന ഷെഡ്യൂളുകളും ജീവനക്കാരുടെയും ബസുകളുടെയും എണ്ണം വെട്ടിക്കുറയ്ക്കുകയും താത്കാലിക ജീവനക്കാരെ പിരിച്ചുവിട്ടശേഷം സ്വിഫ്റ്റ് കമ്പനി രൂപീകരണത്തിലൂടെ പിൻവാതിൽ നിയമനം നടത്തുകയുമാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 110 ബസ്സുകൾ മാത്രമാണ് നിരത്തിലിറക്കിയത്. കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുന്നതിനുപകരം ടി സ്ഥാപനത്തിന്റെ സ്ഥലവും സമ്പത്തുമുപയോഗിച്ച് പുതിയ കമ്പനി രൂപീകരിക്കുകയും കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങൾ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുകയുമാണ് ചെയ്യുന്നത്. പെൻഷൻ നൽകുന്നതിനായി സഹകരണ ബാങ്കുകളിൽനിന്നുമെടുക്കുന്ന വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തിയിട്ടില്ല. സാമ്പത്തിക പ്രതിസന്ധിമൂലവും ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതുമൂലവും കെ.എസ്.ആർ.ടി.സി. തകർച്ചയിലേയ്ക്ക് നീങ്ങുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത് 1543.86 കോടി രൂപയായിരുന്നെങ്കിൽ 2016-2021 വരെ നൽകിയത് 4924 കോടി രൂപയാണ്. 2022-ൽ മാത്രം 1868 കോടി രൂപ നൽകിയിട്ടുണ്ട്. 2010-13 കാലയളവിൽ നടന്ന ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിരിക്കുകയാണ്. കോവിഡ് പ്രതിസന്ധിയെത്തുടർന്ന് പ്രൈവറ്റ് ബസുകൾ 44% ഷെഡ്യൂളുകൾ നിർത്തലാക്കിയപ്പോൾ കെ.എസ്.ആർ.ടി.സി. 85% ഷെഡ്യൂളുകളും നിലനിർത്തിയിട്ടുണ്ട്. ആലപ്പുഴയിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലത്ത് കിഫ്ബി ഫണ്ട് വഴി മൊബിലിറ്റി ഹബ്ബിന്റെ പണിയാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റാൻഡിലെ സ്ഥലം കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് പാട്ടത്തിന് കൊടുത്തിരിക്കുകയാണ്. 'കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുമായി മുന്നോട്ടുപോകാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. **ശ്രദ്ധക്ഷണിക്കൽ**

### (1) നദികളിലെ മണലും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് നദികളിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് നദിയുടെ പൂർവ്വസ്ഥിതി പുനഃസ്ഥാപിക്കാനും പുല്ലകയാറ്റിൽ അടിഞ്ഞുകൂടിയ പാറക്കല്ലുകൾ പൊട്ടിച്ച് തീരം സംരക്ഷിക്കാനും നടപടിയുണ്ടാകണം. നദികളുടെ സുഗമമായ ഒഴുക്കിന് "റൂം ഫോർ ദി റിവർ" പ്രോജക്ട് യാഥാർത്ഥ്യമാക്കുന്നതിനും സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനും മുൻകയ്യെടുക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): നദികളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിനാവശ്യമായ പ്രാഥമിക പരിശോധനയും വിവരശേഖരണവും നടത്തിയിട്ടുണ്ട്. 2021-ലെ പ്രളയം കൂടുതൽ ബാധിച്ച നദികളിലെയും കൈവഴികളിലെയും ചെളിയും പാറയും മാലിന്യങ്ങളും നീക്കം ചെയ്യാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചും നടപടി സ്വീകരിച്ചുവരികയാണ്. ഡാമുകളിൽ അടിഞ്ഞുകൂടിയ വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ജലനിർഗ്ഗമന സ്രോതസ്സുകൾ സംരക്ഷിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പുല്ലകയാറ്റിലെ പാറകൾ നീക്കം ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (2) ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളും ഹീമോഫീലിയ രോഗികളും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. നജീബ് കാന്തപുരം: ആശ്വാസ കിരണം പദ്ധതി പുനരാരംഭിക്കുന്നതിനും ധനസഹായം വർദ്ധിപ്പിക്കുന്നതിനും ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുവിതരണത്തിൽ നേരിടുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനും അവർക്ക് മരുന്ന് സ്റ്റോക്ക് ചെയ്യാൻ അനുവാദം

നൽകുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും പ്രായാധിക്യം കൊണ്ടോ ഗുരുതര രോഗങ്ങളാലോ കിടപ്പിലാകുന്നവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ വീതം ധനസഹായം അനുവദിക്കുന്ന ആശ്വാസ കിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിച്ചതിന്റെ ഫലമായി ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക ആവശ്യമായി വരികയും ചെയ്തതിനാൽ കഴിഞ്ഞ സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതത്തിന് പുറമേ 58.12 കോടി രൂപ അധിക ധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കാസർഗോഡ് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്തംബർ മാസം വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിലും മറ്റ് എട്ട് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിലും വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാവശ്യമായ തുക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആശ്വാസ

കിരണം പദ്ധതിക്ക് 2018 ഏപ്രിൽ മുതൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ മാനദണ്ഡപ്രകാരം പരിശോധിച്ച് അർഹരായവരെ കണ്ടെത്തി ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഹീമോഫീലിയ രോഗികൾക്ക് സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്. ഹീമോഫീലിയ രോഗത്തിനുള്ള ചികിത്സ ആശാധാര പദ്ധതി മുഖേനയാണ് ആരോഗ്യവകുപ്പ് നടപ്പാക്കിവരുന്നത്. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ 72 സർക്കാർ ആശുപത്രികളിലൂടെ യാതൊരു തടസ്സവുമില്ലാതെ ലഭ്യമാക്കുന്നുണ്ട്.

## IV സബ്മിഷൻ

### (1) ഒഴിവുകൾക്കാനുപാതികമായി പി.എസ്.സി. ലിസ്റ്റ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഒഴിവുകൾക്കാനുപാതികമായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനും മലപ്പുറം ജില്ലയിലെ എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റ് ഉൾപ്പെടെയുള്ളവ വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): മുൻ റാങ്ക് ലിസ്റ്റുകളിൽ നിന്നും നടത്തിയ നിയമന ശിപാർശകളുടെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള

ഒഴിവുകളുടെയും അടിസ്ഥാനത്തിൽ ഒരു വർഷത്തെ സാധ്യതാ നിയമനങ്ങളുടെ എണ്ണം കണക്കാക്കിയാണ് ഉദ്യോഗാർത്ഥികളെ നിശ്ചയിക്കുന്നത്. മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.ടി. തസ്തികയിലേയ്ക്കുള്ള നിയമനത്തിന് മൊത്തം 2312 ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടികയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. വർഷങ്ങളായി ചുരുക്കപ്പട്ടിക തയ്യാറാക്കാൻ അവലംബിച്ചുവരുന്ന മാനദണ്ഡം തന്നെയാണ് ഇക്കാര്യത്തിലും കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. ചുരുക്കപ്പട്ടിക വിപുലീകരിക്കുന്നതിനായി ഉദ്യോഗാർത്ഥികൾ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചെങ്കിലും പട്ടിക തയ്യാറാക്കിയ രീതി ട്രൈബ്യൂണൽ ശരിവച്ച സാഹചര്യത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ മൂന്നിരട്ടി ഉദ്യോഗാർത്ഥികളെ മെയിൻ ലിസ്റ്റിലുൾപ്പെടുത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച നടപടിയിൽ അപാകതയില്ലെന്നാണ് കമ്മീഷൻ അറിയിച്ചിട്ടുള്ളത്.

(2) <u>പേരാമ്പ്രയിലെ ഭൂനികുതി പട്ടയപ്രശ്നം</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: പേരാമ്പ്ര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന നൊച്ചാട്, ചങ്ങരോത്ത്, ചെമ്പനോട, ചക്കിട്ടപ്പാറ വില്ലേജുകളിലെ ഭൂമി കൈവശാവകാശമുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനും ഭൂനികുതി

ഈടാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പേരാമ്പ്ര നിയോജകമണ്ഡലത്തിലെ നൊച്ചാട് വില്ലേജിലെ രാമല്ലൂർദേശം, കൽപ്പത്തൂർദേശം നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിനും പട്ടയം കൈവശമുള്ളവരിൽനിന്ന് ഭൂനികുതി സ്വീകരിക്കുന്നതിനും കൊയിലാണ്ടി തഹസീൽദാർക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്; പട്ടയം നൽകുന്ന നടപടികൾ പുരോഗമിക്കുകയാണ്. ചങ്ങരോത്ത് വില്ലേജിലെ ജാനകിവയൽ അന്യംനിന്നുപോയ ഭൂമിയായി സർക്കാരിലേയ്ക്ക് ഏറ്റെടുത്തശേഷം കുടിയേറി താമസിക്കുന്നവർക്ക് നിയമാനുസരണം പതിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചക്കിട്ടപ്പാറ വില്ലേജിലെ പിള്ളപെരുവണ്ണ ദേശത്തെ സർവ്വേയ്ഡ് ലാൻഡിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതും അൺ-സർവ്വേയ്ഡ് ലാൻഡിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രഥമ പരിഗണന നൽകി ഡിജിറ്റൽ സർവ്വേ നടത്തി പട്ടയ നടപടികൾ പൂർത്തിയാക്കുന്നതുമാണ്. ചെമ്പനോട വില്ലേജിൽ പന്നിക്കോട്ട് പ്രദേശത്ത് അൺ-സർവ്വേയ്ഡ് ലാൻഡിൽപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി കൈവശക്കാർക്ക് പതിച്ചുനൽകി പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. അർഹരായ ഭൂരഹിതർക്ക് ഭൂമിനൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും പട്ടയം ഡാഷ് ബോർഡ്

തയ്യാറാക്കിവരികയുമാണ്.

## (3) ഷണ്മുഖപുരം കോളനി നിവാസികളുടെ പട്ടയം

ശ്രീ. ടി. ജെ. വിനോദ്: എറണാകുളം നിയോജകമണ്ഡലത്തിലെ ഷണ്മുഖപുരം കോളനി നിവാസികളായ 59 കുടുംബങ്ങൾക്കും ജനകീയ റോഡ്, കോതേരി റോഡ് തുടങ്ങിയ പ്രദേശങ്ങളിലെ 33 കുടുംബങ്ങൾക്കും പട്ടയം അനുവദിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): എറണാകുളം നിയോജകമണ്ഡലത്തിലെ ഷണ്മുഖപുരം കോളനി നിവാസികൾ ഭൂപതിവിന് അപേക്ഷിച്ചിട്ടുള്ള പുഴ പുറമ്പോക്കിലുൾപ്പെടുന്ന ഭൂമി, ഭൂപതിവിന് വിധേയമല്ലാത്തതിനാൽ 07-07-1997-ലെ സർക്കാർ ഉത്തരവുപ്രകാരം കൈവശാവകാശരേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന പുഴപുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്ന വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. ജനകീയ റോഡ് കോളനി നിവാസികളുടെ പതിവ് അപേക്ഷയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂപതിവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ചർച്ച

ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുന്നതാണ്.

(4) ആക്കുളം കായൽ പുനരുജ്ജീവനവും നീർത്തട സംരക്ഷണവും

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: വിനോദ സഞ്ചാരകേന്ദ്രം കൂടിയായ ആക്കുളം കായലിന്റെ പുനരുജ്ജീവനത്തിനും നീർത്തട സംരക്ഷണത്തിനുമായി തയ്യാറാക്കിയ കിഫ്ബി വഴിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ആക്കുളം കായലും അനുബന്ധതോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്കനുയോജ്യമായ രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആക്കുളം കായലിന്റെ സംരക്ഷണത്തിനായുള്ള പദ്ധതിക്ക് 13-12-2018-ൽ ഭരണാനുമതി നൽകുകയും എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ വേഗത്തിലാക്കി സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള ശ്രമം നടന്നുവരികയാണ്. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരുന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ ടൂറിസം വകുപ്പിന് നിർദ്ദേശം

നൽകുന്നതാണ്.

## (5) പയ്യന്നൂർ നഗരസഭാ കുടിവെള്ള പദ്ധതി

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ നഗരസഭാ കുടിവെള്ള പദ്ധതി അടിയന്തരമായി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പയ്യന്നൂർ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയെങ്കിലും ചപ്പാരപടവ് പഞ്ചായത്തിൽനിന്നും പയ്യന്നൂർ നഗരസഭയ്ക്കുവേണ്ടി വെള്ളം കൊണ്ടുപോകുന്നതിന് പഞ്ചായത്തും പരിസരവാസികളും എതിർപ്പ് പ്രകടിപ്പിക്കുകയും പദ്ധതി പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്തതിനാൽ കാട്ടാംപള്ളി കടവിൽ ഇറിഗേഷൻ വകുപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാനും സ്രോതസ്സ് മാറ്റുവാനും തീരുമാനിച്ചു. തുടർന്ന് 1-02-2016-ന് പയ്യന്നൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്ത് ശുദ്ധജലവിതരണം നടത്തിവരുന്നു. പദ്ധതിക്കാവശ്യമായ കിണർ നിർമ്മാണത്തിന് ജില്ലാഭരണകൂടത്തിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുകയും നാട്ടുകാരുടെ എതിർപ്പുമൂലം താൽക്കാലികമായി നിർത്തിവച്ച പ്രവൃത്തി എത്രയുംപെട്ടെന്ന് പുനരാരംഭിക്കാൻ കരാറുകാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇറിഗേഷൻ വകുപ്പ് ടി പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി ആരംഭിച്ചെങ്കിലും വെള്ളപ്പൊക്കം കണക്കിലെടുത്ത് ഡിസൈൻ പുതുക്കേണ്ടിവന്നു. പുതിയ എസ്റ്റിമേറ്റ് പ്രകാരം എഗ്രിമെന്റ് വയ്ക്കുന്നതിനും ബാങ്ക് ഗ്യാരന്റി പുതുക്കുന്നതിനും കരാറുകാരൻ വിസ്സമ്മതം പ്രകടിപ്പിക്കുകയും കോടതിയെ സമീപിക്കുകയും ചെയ്തതിനെത്തുടർന്ന് നിലവിലുള്ള എല്ലാ നടപടികളും സ്റ്റേ ചെയ്യുകയും കോടതി ഉത്തരവുപ്രകാരം ഐ.ഡി.ആർ.ബി.-യോട് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അന്തിമവിധി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (6) <u>ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്</u>

<u>ശ്രീമതി കെ. കെ. രമ</u>: ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ ഫലപ്രദമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. ജസ്റ്റിസ് ഹേമ സമിതി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചർച്ച

ചെയ്യുന്നതിനായി ഡബ്ല്യൂ.സി.സി. ഉൾപ്പെടെയുള്ള സിനിമാരംഗത്ത് പ്രവർത്തിക്കുന്ന സംഘടനയുടെ യോഗം കെ.എസ്.എഫ്.ഡി.സി., ചലച്ചിത്ര അക്കാദമി എന്നിവരുടെ നേതൃത്വത്തിൽ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കെ.എസ്.എഫ്.ഡി.സി.-യും ചലച്ചിത്ര അക്കാദമിയും ചേർന്ന് ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. റിപ്പോർട്ട് കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് കെ. ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പൊതുരേഖയായി പ്രസിദ്ധീകരിക്കാൻ കഴിയില്ല. ഈ വിഷയം സംബന്ധിച്ച് വരാൻ പോകുന്ന സഭാ സമ്മേളനത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതാണ്

## (7) ചേറ്റുവ ഹാർബർ സബ്ഡിവിഷൻ ഓഫീസ്

ശ്രീ. വി. ആർ. സുനിൽ കുമാർ: ചേറ്റുവ ഹാർബർ സബ് ഡിവിഷൻ ഓഫീസ് നിലനിർത്തുന്നതിനും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഹാർബർ സബ്ഡിവിഷൻ ഓഫീസുകൂടി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ചേറ്റുവ, ചെറുവത്തൂർ, ചെല്ലാനം ഫിഷിംഗ്

ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായാണ് ചേറ്റുവ, ചെറുവത്തൂർ, ചെല്ലാനം സബ് ഡിവിഷനുകളും തസ്തികകളും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നിർത്തൽ ചെയ്യണമെന്ന വ്യവസ്ഥയിൽ താല്ക്കാലികമായി രണ്ടുവർഷത്തേയ്ക്ക് 2011-ൽ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളത്. തുടർന്ന് പദ്ധതി പ്രവർത്തനം വിലയിരുത്തി കാലാവധി ദീർഘിപ്പിക്കില്ലെന്ന വ്യവസ്ഥയോടെ 2016 വരെ തുടർച്ചാനുമതി നൽകുകയും ചെയ്തു. ചേറ്റുവ ഫിഷിംഗ് ഹാർബർ, മുനക്കക്കടവ് ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവിടങ്ങളിലെയും തീരദേശ റോഡുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് ചേറ്റുവ ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷനാണ്. 60 കിലോമീറ്ററോളം തീരദേശമുള്ള തൃശ്ശൂർ ജില്ലയിലെ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കൊടുങ്ങല്ലൂരിൽ ഒരു സബ്ഡിവിഷൻ ഓഫീസ് അനുവദിക്കുകയോ നിലവിൽ ചേറ്റുവയിലുള്ള സബ്ഡിവിഷൻ ഓഫീസിന് തുടർച്ചാനുമതി ലഭ്യമാക്കുകയോ ചെയ്യേണ്ടതുണ്ട്. കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി പദ്ധതികൾക്കായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ കണ്ടെത്തി അധിക ജീവനക്കാരെ പുനർവിന്യസിക്കാൻ വ്യവസ്ഥ ചെയ്തിരുന്നതനുസരിച്ച് ചേറ്റുവ

സബ് ഡിവിഷന്റെ കീഴിലുള്ള തസ്തികകൾക്ക് തുടർച്ചാനുമതി നൽകണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശയിന്മേൽ ധനകാര്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് അന്തിമ തീരുമാനമെടുക്കുന്നതാണ്.

(8) മലപ്പുറം കെ.എസ്.ആർ.ടി.സി. ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

ശ്രീ. പി. ഉബൈദുള്ള: 2016 ജനുവരിയിൽ ആരംഭിച്ച മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): 2013-ൽ വിഭാവന ചെയ്ത മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ സർക്കാർ ഫണ്ടിനുപുറമെയുള്ള തുക പലിശരഹിത നിക്ഷേപംവഴി ശേഖരിക്കാനുദ്ദേശിച്ചിരുന്നുവെങ്കിലും തുക ശേഖരിക്കാൻ കഴിയാത്തതിനെത്തുടർന്ന് കരാറുകാരന്റെ ബിൽ തുക യഥാസമയം നൽകാൻ സാധിക്കാത്തതിനാൽ ബാക്കി പ്രവൃത്തികൾ ചെയ്യാൻ കരാറുകാരൻ വിസ്സമ്മതിക്കുകയും 31.12.2019-ൽ പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ബാക്കി തുക

നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ കരാറുകാരന് നൽകാനുള്ള ബിൽ തുക നൽകുന്നതിനും കരാറുകാരനെ നേരിൽകേട്ട് പ്രവൃത്തിയിൽനിന്നും ഒഴിവാക്കണമെന്ന അപേക്ഷ പരിഗണിക്കുന്നതിനും ഉത്തരവായതിനെത്തുടർന്ന് 2020-ൽ ടിയാനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കാൻ തീരുമാനിക്കുകയും ഫെബ്രുവരി 2021-ന് കരാറുകാരന് കൊടുക്കാനുള്ള മുഴുവൻ തുകയും നൽകിയിട്ടുള്ളതുമാണ്. ഈ പ്രവൃത്തിയുടെ ആദ്യത്തെ എസ്റ്റിമേറ്റിൽ കെട്ടിടത്തിനാവശ്യമായ ഇലക്ട്രിക്കൽ, ഫയർ ആൻഡ് സേഫ്റ്റി, ലിഫ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ ഉൾപ്പെട്ടിരുന്നില്ല. 08.06.2021-ൽ ഗതാഗത വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനപ്രകാരം കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾക്ക് എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 8.16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അത്യാവശ്യ പ്രവൃത്തികൾ പൂർത്തിയാക്കി 01.09.2021-ന് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി സിവിൽ വർക്ക് പഴയ കരാറുകാരൻ 15 ശതമാനം അധികനിരക്കും 12 ശതമാനം ജി.എസ്.ടി.-യും കൂടി

ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്; ആയതു പരിശോധിച്ച് ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടം അടിയന്തരമായി ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

## (9) അരിവാൾ കോശ രോഗികളുടെ പ്രശ്നങ്ങൾ

ശ്രീ. ഒ. ആർ. കേളു: അരിവാൾ കോശ രോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സമാശ്വാസ പെൻഷൻ മുടക്കം കൂടാതെ നൽകാനും വയനാട് ജില്ലയിൽ ഹീമോ ഗ്ലോബിനോപ്പതി റിസർച്ച് ആൻഡ് കെയർ സെന്റർ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): നിലവിൽ ഇടുക്കി, വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് ആദിവാസി സമൂഹത്തിൽ അരിവാൾ കോശ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. രോഗനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം കോഴിക്കോട് മെഡിക്കൽ കോളേജ്, മാനന്തവാടി ജില്ലാ ആശുപത്രി, സുൽത്താൻബത്തേരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. അരിവാൾ കോശ രോഗം പൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയില്ലെങ്കിലും കുട്ടികളിൽ അസ്ഥി, മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവ ഫലം കണ്ടിട്ടുണ്ട്. മാനന്തവാടി ജില്ലാ ആശുപത്രിയിൽ

ഹൈ ഡിപ്പൻഡൻസി യൂണിറ്റ് നിലവിലുണ്ട്. ഹൈഡ്രോക്സി യൂറിയ, ഫോളിക് ആസിഡ് മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. എല്ലാ മാസവും രോഗികളുടെ പോഷകനിലവാരം മെച്ചപ്പെടുത്തുന്നതിനായി പയറുവർഗ്ഗങ്ങളുൾപ്പെടുത്തി എൻ.എച്ച്.എം. മുഖേന ഭക്ഷ്യക്കിറ്റുകളും ട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് 2500/-രൂപയും ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത രോഗികൾക്ക് 2000/- രൂപയും ധനസഹായം നൽകിവരുന്നു. അരിവാൾ കോശ രോഗികൾക്കായി ഹെൽത്ത് അവയർനെസ്സ് ക്ലാസ്സും ബോധവൽക്കരണ ക്ലാസ്സും നടത്തുന്നതോടൊപ്പം തിരിച്ചറിയൽ കാർഡ് കാണിക്കുന്ന മുറയ്ക്ക് സർക്കാർ ആശുപത്രികളിൽ ക്യൂ ഒഴിവാക്കുന്നതിനും ചികിത്സയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ട്രൈബൽ വിഭാഗങ്ങളെ കൂടാതെ മറ്റ് ചില വിഭാഗങ്ങളിലും അരിവാൾ കോശ രോഗം കണ്ടുവരുന്നുണ്ട്. രോഗനിർണ്ണയത്തിനായി കോഴിക്കോട് മെഡിക്കൽ കോളേജ് സോലുബിലിറ്റി ടെസ്റ്റ് കിറ്റ് രൂപകല്പന ചെയ്ത് വികസിപ്പിച്ചെടുക്കുകയും എല്ലാ ആരോഗ്യപ്രവർത്തകർക്കും ആരോഗ്യകേന്ദ്രങ്ങളിലും ലഭ്യമാക്കുകയും ചെയ്തതിനുപുറമെ 'ആശാധാര' പദ്ധതി നടപ്പാക്കാൻ എൻ.എച്ച്.എം. സംസ്ഥാന മിഷൻ ഡയറക്ടറെ

ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അരിവാൾകോശ രോഗമുൾപ്പെടെയുള്ള ജനിതക രക്തജന്യരോഗങ്ങളെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും ചികിത്സയ്ക്കുമായി വയനാട് മെഡിക്കൽ കോളേജിന്റെ ഭാഗമായി ഒരു ഹീമോ ഗ്ലോബിനോപ്പതി റിസർച്ച് ആൻഡ് കെയർ സെന്റർ സ്ഥാപിക്കുന്നതിന് പ്ലാൻ തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(10) അരുവിക്കരയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര വികസനം

ശ്രീ. ജി. സ്റ്റീഫൻ: അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്രവികസനത്തിനും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരെ ആവശ്യകതയ്ക്കനുസരിച്ച് അധികമായി നിയമിക്കുന്നതിനും സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകളും പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടും പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടും ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകളും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകളും സമർപ്പിച്ചു.

## VI ധനകാര്യം

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളേയും 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്നതിനും നവോത്ഥാന ആശയങ്ങൾ ഉയർത്തിപ്പിടിച്ച അയ്യാ വൈകുണ്ഠസ്വാമിയുടെ സ്മരണ നിലനിർത്തുന്നതിനുംവേണ്ടി ബഡ്ജറ്റിൽ തുക

വകയിരുത്തണം. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടിയും അതിദാരിദ്ര്യ ലഘൂകരണത്തിനായും തുക വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. നൂറുദിന കർമ്മപരിപാടി ആവിഷ്കരിച്ച് സമസ്ത മേഖലയിലും വികസനം ഉറപ്പുവരുത്തുകയെന്ന സമീപനവുമായി മുന്നോട്ടുപോകുന്ന സർക്കാർ പദ്ധതി നിർവ്വഹണ ഘട്ടങ്ങളിൽ കൃത്യമായ വിലയിരുത്തൽ ഉറപ്പാക്കുന്നുണ്ട്. കോവിഡ് പ്രതിസന്ധികൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സർക്കാരിന് സാധിച്ചു. ലോംഗ് ഇക്കണോമിക് കോവിഡ് എന്ന ദീർഘകാല സാമ്പത്തിക പ്രതിസന്ധിക്ക് ബദൽ നയം ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. ജനക്ഷേമവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പുവരുത്തുന്നതുകൂടാതെ ദീർഘകാലത്തേയ്ക്കുള്ള വളർച്ചാ പാക്കേജും ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ സമ്പദ്ഘടന അഭിമുഖീകരിക്കുന്ന പ്രതിസന്ധി മറികടക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. വിശപ്പുരഹിത കേരളം എന്ന ആശയം മുൻനിർത്തി നടപ്പാക്കിയ പദ്ധതികൾ ലോക മാതൃകയാണ്. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി 2000

കോടി രൂപ നീക്കിവച്ചതും ലൈഫ് മിഷൻ വഴി 2,76,465 വീടുകൾ പൂർത്തീകരിച്ചതും 2022-23 സാമ്പത്തിക വർഷം 1,06,000 വ്യക്തിഗത ഭവനങ്ങളും 2950 ഫ്ലാറ്റുകളും നിർമ്മിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. നികുതി വിഹിതം, ജി.എസ്.ടി. നഷ്ടപരിഹാരം, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് എന്നിവ കൃത്യമായി ലഭ്യമാക്കാത്ത കേന്ദ്രസർക്കാർ നടപടി പ്രതിഷേധാർഹമാണ്. സാമൂഹിക ക്ഷേമം, വികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ രംഗങ്ങളിൽ കേരളം കൈവരിച്ച പ്രഥമ സ്ഥാനങ്ങൾ നിലനിർത്തുകയും പുതിയ നേട്ടങ്ങൾ ആർജ്ജിക്കുകയും വേണം.

ഡോ. എം. കെ. മുനീർ: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കാതെ പേര് മാറ്റി പുതിയ പദ്ധതികളാക്കിയാണ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാർക്ക് പെൻഷനിൽ 25 ശതമാനം വർദ്ധന നൽകണമെന്ന കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ എല്ലാ പെൻഷനുകളും സംയോജിപ്പിച്ച് ഒറ്റ പെൻഷനാക്കി മാറ്റിയിരിക്കുകയാണ്. മുമ്പുണ്ടായിട്ടില്ലാത്തവിധം കേരളത്തിന്റെ പൊതുകടം വർദ്ധിച്ചിരിക്കുകയാണ്.

<u>ശ്രീമതി സി. കെ. ആശ</u>: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. ജി.എസ്.ടി പരിഷ്കാരം, വെള്ളപ്പൊക്ക ദുരന്തങ്ങൾ, കോവിഡ് മഹാമാരി തുടങ്ങി നിരവധി പ്രശ്നങ്ങളാൽ കേരളം വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും വിജ്ഞാന സമ്പദ്ഘടനയിലൂടെ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാനുതകുന്ന ബഡ്ജറ്റാണിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ദരിദ്രരെ സംരക്ഷിക്കുന്നതിന് 100 കോടി രൂപ വകയിരുത്തിയതും ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകാൻ 1,871 കോടി രൂപ അനുവദിച്ചതും അഭിനന്ദനീയമാണ്. ലക്ഷംവീട് പദ്ധതിപ്രകാരമുള്ള ഇരട്ടവീടുകളെ ഒറ്റവീടുകളാക്കി മാറ്റാൻ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിച്ചുനൽകാനും അതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാനും ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ വേതനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും എതിർക്കുന്നു. മാനവവിഭവശേഷി ഫലപ്രദമായി ഉപയോഗിക്കുന്നതിനും ചെറുപ്പക്കാർക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള ഒരു പദ്ധതിയും ബഡ്ജറ്റിൽ

ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട പല തസ്തികകൾക്കും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പി.എസ്.വഴിയുള്ള തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുകയാണ്. പുതിയ പഞ്ചായത്ത് ഭരണസമിതി നിലവിൽവന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലൂടെ അപേക്ഷ സ്വീകരിച്ചിട്ട് ഒരു വീടുപോലും നൽകാൻകഴിയാത്ത അവസ്ഥയാണുള്ളത്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്താനും ആലുവ കോടതിയെ കുടുംബ കോടതിയാക്കുന്നതിന് സാമ്പത്തികാനുമതി നൽകാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. കോവിഡ് ആഘാതവും വരുമാനനഷ്ടവും പരിഹരിക്കാനുതകുന്നതും ഭാവിതലമുറയെ മുന്നിൽ കണ്ടുകൊണ്ടുമുള്ള ബഡ്ജറ്റാണിത്. റോഡ് റബ്ബറൈസേഷൻ നയം പ്രഖ്യാപിച്ചതും റബ്ബർ സബ്സിഡിക്കായി 500 കോടി രൂപ അനുവദിച്ചതും സിയാൽ മോഡൽ റബ്ബർ കമ്പനി ആരംഭിക്കാനെടുത്ത തീരുമാനവും നെല്ലിന്റെ താങ്ങുവിലയും നെല്ലുല്പാദനവും വർദ്ധിപ്പിക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടിക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുകയും റബ്ബറിന്റെ

താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കുകയും വേണം.

<u>ശ്രീ. പി. പി. സുമോദ്</u>: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. സർവ്വകലാശാല ക്യാമ്പസിൽ 1500 പുതിയ ഹോസ്റ്റൽ മുറികളും 250 ഇന്റർനാഷണൽ ഹോസ്റ്റൽ മുറികളും ആരംഭിക്കുമെന്ന പ്രഖ്യാപനം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദേശ വിദ്യാർത്ഥികളെയുൾപ്പെടെ ആകർഷിക്കാൻ ഉതകുന്നതാണ്. ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീനുവേണ്ടി 15 കോടി രൂപ വകയിരുത്തിയതും കെ-ഫോൺ പദ്ധതിയിലൂടെ സംസ്ഥാനത്തെ 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനുള്ള നടപടിയും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. നെല്ലിന്റെ ഹാൻഡ്ലിംഗ് ചാർജ്ജ് കാലോചിതമായി പരിഷ്ക്കരിക്കുകയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും വേണം. പട്ടികജാതി മേഖലയിൽ പാർപ്പിടമുൾപ്പെടെയുള്ള വികസന പദ്ധതികൾക്ക് 1935 കോടി രൂപ വകയിരുത്തിയതിനെയും പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 1.25 ലക്ഷം രൂപ അനുവദിക്കാനുള്ള തീരുമാനത്തെയും പാലക്കാട് മെഡിക്കൽ കോളേജിന് തുക അനുവദിച്ചതിനെയും വരുമാനം വർദ്ധിപ്പിക്കുന്നതിനായി പി.ഡബ്ല്യു.ഡി.

റെസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കുകൂടി ഉപയോഗയോഗ്യമാക്കിയ നടപടിയെയും അഭിനന്ദിക്കുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും അങ്കണവാടികളിലെ മെനുവിൽ ആഴ്ചയിൽ രണ്ടുദിവസം വീതം പാലും മുട്ടയും ഉൾപ്പെടുത്താനുള്ള തീരുമാനവും ശ്ലാഘനീയമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. കോവിഡ് സാഹചര്യം പരിഗണിച്ച് വിധവകൾ, ഭിന്നശഷിക്കാർ എന്നിവർക്ക് മാസംതോറും 2,500 രൂപവീതം അനുവദിക്കുകയും ആരോഗ്യ ഇൻഷ്വറൻസ് കാർഡുകൾ പുതുക്കുന്നതിന് ഒരവസരംകൂടി നൽകുകയും വേണം. റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കുന്നതിനും ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 45 രൂപ ലഭിക്കുന്ന തരത്തിൽ പാൽ വില പുനഃക്രമീകരിക്കുന്നതിനും കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. വായ്പകളുടെ മൊറട്ടോറിയം കാലാവധി ഒരു വർഷംകൂടി ദീർഘിപ്പിക്കുന്നതിനൊപ്പം ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന നിർദ്ദേശം ബാങ്കുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലക്കയറ്റം പരിഗണിച്ച് കോസ്റ്റ് ഡിഫറൻസ് നൽകുന്ന കാര്യം പരിഗണിക്കുകയും

നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ പൊതുമരാമത്ത്, പഞ്ചായത്ത്, ഇറിഗേഷൻ ഉൾപ്പെടെയുള്ള വകുപ്പുകളെ ഏകോപിപ്പിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും വേണം.

ശ്രീ. ടി. ഐ. മധുസൂദനൻ: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. ശാസ്ത്രീയമായ ആസൂത്രണവഴികളിലൂടെ കേരളത്തെ മുന്നോട്ടുനയിക്കുന്നതും പുതിയ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതുമായ മാതൃകാപരമായ ബഡ്ജറ്റാണിത്. കഴിഞ്ഞ സർക്കാരിന്റെ പ്രകടനപത്രികയിൽ പറഞ്ഞിരുന്ന മിക്ക കാര്യങ്ങളും പൂർത്തിയാക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. വികസന പ്രവർത്തനങ്ങളെ പിന്നോട്ടടിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

ശ്രീ. ടി. ജെ. വിനോദ്: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിലെ പല പ്രഖ്യാപനങ്ങളും നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനം കടക്കെണിയിലാവുകയും ധനകമ്മിയിൽ വർദ്ധനവുണ്ടാവുകയും മുൻപുണ്ടായിട്ടില്ലാത്തവിധം പൊതുകടം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കെ-റെയിൽ പദ്ധതിക്കുവേണ്ടി വീണ്ടും കടമെടുക്കുന്നത് അപലപനീയമാണ്. വരുമാനവും ചെലവും തമ്മിലുള്ള അന്തരത്തിൽ

വർദ്ധനവുണ്ടായിരിക്കുകയും പല ബൃഹത് പദ്ധതികളും സ്തംഭനാവസ്ഥയിലുമാണ്. ലൈഫ് മിഷൻ പദ്ധതി പ്രായോഗികമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കൊച്ചിയിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം.

ശ്രീ. ലിന്റോ ജോസഫ്: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. കാർഷികമേഖലയ്ക്കുവേണ്ടി ബൃഹത്തായ പദ്ധതികളും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനായി എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് സ്കിൽ കോഴ്സുകൾ ആരംഭിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി പ്രദേശത്ത് സീഡ് ഫാമിനായി മാർക്കറ്റിംഗ് സൊസൈറ്റി, സംഭരണകേന്ദ്രം, കോൾഡ് സ്റ്റോറേജ് എന്നിവ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. റബ്ബർ കർഷകർക്കായി 500 കോടി രൂപ മാറ്റിവച്ച നടപടിയെ അഭിനന്ദിക്കുന്നു.

ശ്രീ. ആന്റണി ജോൺ: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. ലൈഫ് പദ്ധതിയെ തകർക്കാനുള്ള പ്രതിപക്ഷശ്രമം അപലപനീയമാണ്. ഭവനരഹിതർക്ക് വീട് നൽകാനുള്ള

തീരുമാനവും സർക്കാർ സ്കൂളുകളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തിയതും സ്വാഗതാർഹമാണ്. മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്താൻ സാധിച്ചതും ക്യാൻസർ ചികിത്സയ്ക്ക് പൊതുമേഖലയിൽ സൗകര്യമൊരുക്കിയതും ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യമരുന്ന് നൽകിയതും താലൂക്കാശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തിയതും അഭിമാനാർഹമാണ്.

ശ്രീ. മാത്യു ടി. തോമസ്: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. ക്ഷേമപ്രവർത്തനങ്ങളും ജനോപകാരപ്രദമായ വികസന സംരംഭങ്ങളും നടപ്പിലാക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ നിലവിലുള്ള നിയമവ്യവസ്ഥകൾ കർശനമാക്കി നടപ്പാക്കാനും മരാമത്ത് പ്രവൃത്തികളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കാനും നടപടി സ്വീകരിക്കണം. നിർമ്മാണ മേഖലയുടെ പുനരുജ്ജീവനത്തിനാവശ്യമായ ഇടപെടൽ നടത്തണം.

ശ്രീ. പി. ഉബൈദുള്ള: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കാനും പ്രവാസി ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും സാധിക്കാത്തത്

അപലപനീയമാണ്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം പിൻവലിക്കണം.

ശ്രീ. വി. ശശി: അന്തിമ ഉപധനാർഭ്യര്‍ത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. പ്രതിസന്ധികളെയും കാലാവസ്ഥാ ദുരന്തങ്ങളെയും അതിജീവിച്ച് മുന്നോട്ടുപോകാൻ ആത്മവിശ്വാസം പകരുന്നതാണ് സംസ്ഥാന ബഡ്ജറ്റ്. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലൂടെ തൊഴിലും ഉൽപ്പാദന വർദ്ധനവും വിഭാവന ചെയ്യുകയും അടിസ്ഥാന സൗകര്യ വികസനത്തിനും വിലക്കയറ്റം തടയാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ മേഖലയ്ക്ക് 1690 കോടി രൂപയും വ്യവസായ മേഖലയ്ക്ക് 1266.66 കോടി രൂപയും പട്ടികജാതി വിഭാഗങ്ങൾക്ക് 2979.4 കോടി രൂപയും പട്ടികവർഗ്ഗ വികസനത്തിന് 859.50 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. എസ്.സി.പി., ടി.എസ്.പി. ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. സാമൂഹ്യ-സാമ്പത്തിക മേഖലകളുടെ സമഗ്ര വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണിത്.

പശ്ചാത്തല സൗകര്യ വികസനത്തിൽ വിസ്മയകരമായ പുരോഗതിയാണ് സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കുന്നതിനാവശ്യമായ ഇടപെടൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ചരക്ക് സേവന നികുതി നടപ്പാക്കിയതോടെ സംസ്ഥാനങ്ങളുടെ നികുതി അധികാരം പൂർണ്ണമായും ഇല്ലാതാകുകയും കേന്ദ്രപൂളിൽ നിന്നുള്ള നികുതി വിഹിതം കുറയ്ക്കുകയും ചെയ്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. സംസ്ഥാനത്തിന്റെ നികുതി വരുമാനം ഗണ്യമായി കുറയുന്ന അവസ്ഥയാണ് നിലവിലുള്ളത്. യുക്രെയ്നിൽ നിന്നും മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനത്തിനാവശ്യമായ സാമ്പത്തികസഹായം നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. ആദ്യ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാക്സിൻ ഗവേഷണ കേന്ദ്രം പ്രാവർത്തികമാക്കണം. പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട കുട്ടിക്കലിൽ ജപ്തിനടപടികൾ നിർത്തിവയ്ക്കുന്നതിനും വായ്പകൾക്ക് പലിശ ഒഴിവാക്കിക്കൊടുക്കുന്നതിനും നടപടി സ്വീകരിക്കുകയും പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയവ നിർമ്മിച്ചുനൽകുകയും വേണം. സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനായി ബഡ്ജറ്റിൽ

നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ലാബ് യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണിയിലെത്തിച്ചും കയറ്റുമതിയിലൂടെയും സമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. നെല്ലിന്റെ ഹാൻഡ്ലിംഗ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.ഒരുവർഷത്തിനുള്ളിൽ ഇരുപതിനായിരത്തിലധികം നിയമന ശിപാർശകൾ പി.എസ്.സി. മുഖേന നൽകാനും 2951 തസ്തികകൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി മുഖേന 2.79 ലക്ഷം വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വ്യാപാരി വ്യവസായികൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അന്തിമ ഉപധനാഭ്യർത്ഥനകളും അധികധനാഭ്യർത്ഥനകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചരക്ക് സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക ന്യൂനപക്ഷവിഭാഗക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികളെന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹന നികുതികളെന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളിൽ സംസ്ഥാനനിയമസഭ എന്ന I-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2011-12 സാമ്പത്തികവർഷത്തെ ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും 2012-2013 സാമ്പത്തിക വർഷത്തെ വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും 2013-2014 സാമ്പത്തിക വർഷത്തെ സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധിക ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും 2015-2016 സാമ്പത്തിക വർഷത്തെ പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള അധികധനാഭ്യർത്ഥനയും സഭ ചർച്ച കൂടാതെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(1) 2022-ലെ കേരള ധനവിനിയോഗ ബിൽ

(2) 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

(3) 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

(4) 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

(5) 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

(6) 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ ബില്ലും 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ ബില്ലും 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): നേരത്തെ അംഗീകരിച്ച അന്തിമ ഉപധനാഭ്യർത്ഥനകളെയും 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ബില്ലുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബില്ലുകൾ ചർച്ച ചെയ്ത് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സാമ്പത്തിക സാമൂഹ്യ രംഗത്തെ ശക്തമായ ഇടപെടലുകളും സുവ്യക്തമായ നടപടികളുമാണ് ബഡ്ജറ്റിലൂടെ വെളിവാകുന്നത്. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും അത്തരം പ്രതിസന്ധികളെ സധൈര്യം നേരിട്ടുകൊണ്ട് ജനോപകാരപ്രദമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിദരിദ്ര ജനവിഭാഗത്തെ സഹായിക്കുന്നതിനുവേണ്ടി നല്ലൊരു തുകയാണ് ബഡ്ജറ്റിലൂടെ മാറ്റിവച്ചിരിക്കുന്നത്. കാർഷികപുരോഗതിക്കും പരിസ്ഥിതി സംരക്ഷണത്തിനും ബഡ്ജറ്റിൽ മുൻഗണന നൽകിയിട്ടുണ്ട്. സാധാരണക്കാരായ തൊഴിലാളികളെയും കർഷകരെയും സഹായിക്കുന്നതിന് സ്വകാര്യ മൂലധനത്തെ എങ്ങനെ

പ്രയോജനപ്പെടുത്തണമെന്നുള്ള കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്.

## VIII പ്രത്യേക പരാമർശം

ചങ്ങനാശ്ശേരിയിൽ നടന്ന പോലീസ് അതിക്രമം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സിൽവർ ലൈൻ സമരവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന സമരക്കാർക്കുനേരെ ക്രൂരമായ പോലീസ് അതിക്രമം നടന്നിരിക്കുകയാണ്. സിൽവർ ലൈൻ സംബന്ധിച്ച ചർച്ചാവേളയിൽ ഇത് സമാധാനപരമായി കൈകാര്യം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പിന്റെ ലംഘനമാണിത്. അതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കെ-റെയിലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വളരെ സമാധാനപരമായാണ് നടക്കുന്നത്. ഒരു തരത്തിലുള്ള പ്രതിഷേധവും ഇവിടെ ഉയർന്നുവരുന്നില്ല. പ്രക്ഷോഭം നടത്താൻ തയ്യാറായവർക്കെതിരെ പ്രകോപനമുണ്ടാക്കാൻ ശ്രമിക്കുകയാണ്

പ്രതിപക്ഷം ചെയ്യുന്നത്. തെറ്റായ ഇടപെടൽ നടത്തി പ്രകോപനം സൃഷ്ടിക്കുകയും പോലീസിനെ ആക്രമിക്കുകയും സർവ്വേ ഉദ്യോഗസ്ഥരെ തടഞ്ഞുവയ്ക്കുകയും ആക്രമിക്കുകയും ചെയ്യുന്ന നടപടിയിൽനിന്നും പ്രതിപക്ഷം പിന്മാറണം.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ശ്രീ. ഇ. കെ. വിജയൻ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന നടപടിയിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണം. ജനോപകാരപ്രദമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ധനവിനിയോഗ ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2022-ലെ കേരള ധനവിനിയോഗ ബില്ലും 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## 2022-ലെ കേരള ധനവിനിയോഗ ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

## 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

ബില്ലിന്റെ ഭാഗക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

<u>2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ</u>

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ

കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

## 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

## 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാകണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

(സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)

*******